1.	നെയ്യാർഡാം	കണക്കാക്കപ്പെട്ടില്ല
2.	പോളച്ചിറ	30 ലക്ഷം
3.	പന്നിവേലിച്ചിറ	12.3 ലക്ഷം
4.	പള്ളം	നിർമ്മാണം പൂർത്തിയായിട്ടില്ല
5.	ഉള്ളണം	10 ലക്ഷം
6.	മീൻകര	3.98 ലക്ഷം
7.	മലമ്പുഴ	1 കോടി
8.	കടുങ്ങല്ലൂർ	3 ലക്ഷം
9.	അഴീക്കോട്	2 കോടി
10.	നീണ്ടകര	50 ലക്ഷം

(ഇ) ഇല്ല.

(എഫ്) പ്രസക്തമല്ല.

8 (1222) മത്സ്യത്തൊഴിലാളികൾക്ക് വീടുവയ്ക്കാൻ സാമ്പത്തികസഹായം

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് ഇതുവരെ എത്ര മത്സ്യത്തൊഴിലാളികൾക്ക് വീടുവയ്ക്കാൻ സാമ്പത്തിക സഹായം നൽകി;

(ബി) അപേക്ഷകരിൽ ഇനി എത്രപേർ സഹായം ലഭിക്കാത്തവരായുണ്ട്; അവർക്ക് എത്ര വർഷംകൊണ്ട് വീടുവച്ചുകൊടുക്കാൻ സാധിക്കും;

(സി) മത്സ്യത്തൊഴിലാളികൾക്ക് വീടുവയ്ക്കാൻ ഈ ഗവൺമെന്റ് മുൻഗവൺമെന്റിനേക്കാൾ കൂടുതൽ സാമ്പത്തികസഹായം നൽകിയിട്ടുണ്ടോ;

(ഡി) കേരളത്തിലെ കടലോരങ്ങളിലെ പ്രത്യേകത കണക്കിലെടുത്ത് ഇവിടെ നമ്പർ ലഭിക്കാത്ത വീടുകൾക്ക് നമ്പർ നൽകാൻ ആവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഇ) കടലോരങ്ങളിൽ പുതുതായി വീടുകൾ നിർമ്മിക്കുന്നതിനെ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ച മാനദണ്ഡം എന്താണ്?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഫിഷറീസ് വകുപ്പു മുഖേന 6824 മത്സ്യത്തൊഴിലാളികൾക്കും, മത്സ്യഫെഡ് മുഖേന 1250 മത്സ്യത്തൊഴിലാളികൾക്കും ഭവനനിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) അപേക്ഷകരിൽ 5395 പേർ ധനസഹായം ലഭിക്കാത്തവരായുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അവർക്ക് എല്ലാവർക്കും എത്രയും വേഗം ധനസഹായം അനുവദിക്കണമെന്നതാണ് സർക്കാർ നിലപാട്.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കടലോരത്ത് ഹൈ ടൈഡ് ലൈനിൽനിന്നും 200-500 മീറ്ററിനു ള്ളിൽ വീട് നിർമ്മിച്ചിട്ടുള്ള തദ്ദേശവാസികളായ മത്സ്യത്തൊഴിലാളികൾക്ക് വീടു നമ്പർ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) കടലോരത്ത് ഹൈ ടൈഡ് ലൈനിൽനിന്നും 200-500 മീറ്ററിനു ള്ളിൽ, തദ്ദേശവാസികളായ മത്സ്യത്തൊഴിലാളികളുടെ വീടുനിർമ്മാണം ഒഴി കെയുള്ള നിർമ്മാണപ്രവർത്തനങ്ങൾ പാടില്ലായെന്നാണ് സർക്കാർ നിലപാട്.

9 (1223) മത്സ്യം കയറ്റുമതി

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് നമ്പർ ലഭിക്കാത്ത എത്ര വീടുകൾ ഉണ്ടെന്ന് സർക്കാർ കണക്കാക്കിയിട്ടുണ്ടോ;

(ബി) ഈ സാമ്പത്തികവർഷം മത്സ്യം കയറ്റുമതിയിലൂടെ സംസ്ഥാന ഗവൺമെന്റിന് എത്ര കോടി രൂപ ലഭിച്ചു;

(സി) വിദേശ വിപണികളിൽ മാർക്കറ്റ് ലഭിക്കുന്നതിന് ആവശ്യമാ കുംവിധം പുതിയ സംവിധാനം കേരളത്തിലെ മത്സ്യസംസ്ക്കരണശാലകളിൽ ഏർപ്പെടുത്തുന്നുണ്ടോ എന്ന് പരിശോധിക്കുന്നുണ്ടോ;

(ഡി) കേരളത്തിലെ മത്സ്യസംസ്ക്കരണ വിപണനരംഗത്ത് ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ സാമ്പത്തികവർഷം (ഏപ്രിൽ മുതൽ സെംപ്റ്റംബർ വരെ) മത്സ്യം കയറ്റുമതിയിലൂടെ 453.20 കോടി രൂപ ലഭിച്ചു.

(സി) മത്സ്യകയറ്റുമതി വർദ്ധിപ്പിക്കുന്നതിലേക്കായി, മത്സ്യം കരയ്ക്ക ടുപ്പിക്കുമ്പോൾ മുതൽ കയറ്റുമതി ചെയ്യുന്ന ഘട്ടംവരെയുള്ള എല്ലാ രംഗങ്ങ ളിലും അന്താരാഷ്ട്ര നിലവാരം പുലർത്താൻ മത്സ്യസംസ്ക്കരണ സംരംഭ കരെ പര്യാപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിലുള്ള കണക്കുകൾ ഫിഷറീസ് വകുപ്പിൽ ലഭ്യമ ല്ല.

10 (1224) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് പിരിഞ്ഞുകിട്ടേണ്ട കുടിശ്ശിക

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് തൊഴിലുടമക ളുടെ അംശദായമായി പിരിഞ്ഞുകിട്ടേണ്ട കുടിശ്ശിക എത്രയാണെന്ന് വെളിപ്പെ ടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly